# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

## യേശുക്രിസ്തു

1. ലോകത്തിലേക്കു വന്നു -1തിമൊ 1:15, മത്തായി 17:10
2. ജഡത്തിൽ ജനിച്ചു- യോഹന്നാൻ 1:14, യോഹന്നാൻ 4:1-3
3. സ്ത്രീയിൽ നിന്ന് ജനിച്ചു- ഗലാത്യർ 4:4, യെശയ്യാവ് 7:14
4. മനുഷ്യപുത്രനായി തീർന്നു-ഫിലിപ്പിയർ 2:5-8; ലൂക്കൊസ് 19:10
5. ദരിദ്രനാകുവാൻ ധനം ഉപേക്ഷിച്ചു- 2കൊരിന്ത്യർ6:9; ലൂക്കൊസ് 9:38
6. മനുഷ്യരാൽ ത്യജിക്കപ്പെട്ടു- യോഹന്നാൻ 1:11,12; യെശയ്യാവ് 57:3
7. ദു:ഖമനുഷ്യനായി തീർന്നു- യെശയ്യാവ് 52:3; മത്തായി 23:37
8. മനുഷ്യരാൽ മരണത്തിനു ഏല്പിച്ചുകൊടുത്തു-ലൂക്കൊസ് 24:46 മത്തായി 16:21
9. ഭൂമിയിൽ ശപിക്കപ്പെട്ടവനായിതീർന്നു- ഗലാത്യർ 3:13
10. നമുക്കു വേണ്ടി പാപമായിതീർന്നു - 2കൊരിന്ത്യർ 5:21

## നമുക്ക്

1. സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ- യോഹന്നാൻ 14:1-3, 2കൊരിന്ത്യർ6:1
2. ആത്മാവിൽ ജനിക്കേണ്ടതിന്നു- യോഹന്നാൻ 3:5 1 പത്രൊസ് 1:23
3. ദൈവത്താൽ ജനിക്കേണ്ടതിനു യോഹന്നാൻ 1:11-13, യോഹന്നാൻ 5:4
4. ദൈവമക്കൾ ആകേണ്ടതിന്നു- 1യോഹന്നാൻ 3:1-3; ഗലാത്യർ 4:6
5. ധനികരാകുവാൻ ദാരിദ്ര്യം ഉപേക്ഷിച്ചു-2കൊരിന്ത്യർ 8:9; എഫെസ്യർ 2:7
6. ദൈവത്താൽ സ്വീകരിക്കപ്പെട്ടു- എഫെസ്യർ 1:6 പ്രവൃത്തി 10:34
7. തേജസിന്റെ മക്കൾ ആയി തീർന്നു- ഫിലിപ്പിയർ 4:4; 1പത്രൊസ് 4:13
8. ദൈവത്താൽ ജീവനുള്ളവരായിതീർന്നു. കൊലൊസ്യർ 2:13;എഫെസ്യർ2:1
9. സ്വർഗ്ഗത്തിൽ അനുഗ്രഹിക്കപ്പെട്ടവനാകുവാൻ-ഗലാത്യർ 3:14
10. ദൈവത്താൽ നീതീകരിക്കപ്പെടുവാൻ-2കൊരിന്ത്യർ 5: 21

# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 14 June 2000 No. 3


## എഡിറേറാറിയൽ

ഒരാൾ അടുത്ത സമയത്തു എന്നോടു പറഞ്ഞു: സാറേ എനിക്കിപ്പോൾ പത്രം എടുത്തു വായിക്കുവാൻ പോലും ഭയമാണ് എന്ന്. പല കാരണങ്ങളാൽ ചിലർ വർത്തമാന പത്രങ്ങളെ സ്വീകരിക്കാറില്ല. കുറെ പേർക്കെങ്കിലും മാദ്ധ്യമങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. ചിലർക്കു പേപ്പറിൽ കാണുന്ന അക്രമ സംഭവങ്ങളോടു വിരക്തിയാണ്. അപകടങ്ങളും കൊലപാതകങ്ങളും ഏറെയാണ് പേപ്പറിൽ എന്ന വാദഗതിയുമുണ്ട്. പണ്ടൊക്കെ വർത്തമാന പേപ്പർ എന്നുവെച്ചാൽ ആകാംഷയുണർത്തിയിരുന്ന ഒന്നായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി വിഭിന്നമായിരിക്കുന്നു. കുററം വാർത്താ വിതരണത്തിന്റെയാണോ ? നാം ഓരോരുത്തരും ചിന്തിക്കേണ്ടതാണ്. പത്രക്കാർ അവർക്കു കിട്ടുന്ന വാർത്തകൾ ജനങ്ങളെ ആകർഷിപ്പിക്കുന്നതിനു വേണ്ടിയോ അവർക്കു കൂടുതൽ വ്യാപാരം ലഭിക്കുന്നതിനു വേണ്ടിയോ ചെയ്യുന്നതാണെന്നു പരാതിയുണ്ട്. പക്ഷെ അതിന്റെ അന്തർധാരയിലേക്കു കടക്കുകയല്ല എന്റെ ലക്ഷ്യം. നമ്മുടെ സമൂഹത്തിൽ എന്തെല്ലാമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് ? അതിന്റെ മൂലകാരണം എന്ത് ? ഇതാണ് ഒരു ദൈവ ദാസൻ എന്ന നിലയിൽ ഞാൻ ചിന്തിക്കുന്നത്.

ഏതു രാജ്യത്തിലും അക്രമങ്ങളും തുടർന്നുണ്ടാകുന്ന മരണവും നിത്യസംഭവങ്ങളാണ്. ഈ സന്ദർഭത്തിൽ മത

മെവിടെ നില്ക്കുന്നു ? മതാദ്ധ്യക്ഷന്മാർ എന്തു ചെയ്യുന്നു എന്നു ചോദിച്ചു പോകും. ഇന്നത്തെ തലമുറയെ വളർത്തിവിട്ട അവരുടെ പിതാക്കന്മാർക്കു അതിൻെറ ധാർമ്മിക ഉത്തരവാദിത്വമുണ്ട്. രാഷ്ട്രീയ നായകന്മാർക്കും മതാദ്ധ്യക്ഷന്മാർക്കും അതിൽ പങ്കുണ്ട്. മനുഷ്യരെ സ്നേഹിക്കാൻ പഠിപ്പിക്കുന്നതിനു പകരം അവരിൽ പകയും വിദ്വേഷവും ജനിപ്പിച്ചു. കാരണം നിസാരമോ സാരമോ ആകട്ടെ. അതു പരിഹരിക്കുവാൻ അവർ എടുത്ത മാനദണ്ഡം ശരിയായിരുന്നില്ല. ബാല്യം മുതൽ കുട്ടികൾക്കു കൊടുക്കേണ്ട ശിക്ഷണം അടിക്കുന്നവനെ അടിക്കുകയല്ല. പകരം സ്നേഹത്താൽ ആ കുട്ടിയുടെ വികാര ധ്വംസനത്തെ അടക്കുകയാണ് വേണ്ടത്. ഇതു പ്രായോഗികമാക്കുന്ന സ്ഥലങ്ങളായി വീടുകളും കലാലയങ്ങളും മാറണം. ധാർമ്മികതയില്ലെന്നു മുറവിളിയിട്ടതുകൊണ്ടായില്ല, അതു യാദൃശ്ചികമായി ഉണ്ടാകുന്നതല്ല. മനസിൽ രൂഢമായി വളർന്നു വരേണ്ടതാണ്. ബാല മനസിനെ ഈ രീതിയിൽ എല്ലാവരും നിയന്ത്രിച്ചു വളർത്തിയാൽ വളർന്നു വരുമ്പോൾ അവനിൽ നിന്നു യാതൊരു അക്രമവും പുറപ്പെടുവിക്കയില്ല.

ഞാൻ എൻെറ കുട്ടികളെ നന്നാക്കിയെടുക്കണം. പണത്തിൻെറയോ പ്രതാപത്തിൻെറയോ പുറകെ പോകുകയാണ് ഇന്നു മാതാപിതാക്കൾ. അതിനിടയിൽ അവരുടെ ഉത്തരവാദിത്വങ്ങൾ അവർ മറക്കുന്നു. വില മതിക്കാനാവാത്തതും ആർക്കും പിടിച്ചു പറിക്കാനാവാത്തതും ആയ സ്വഭാവം കർത്താവു നമുക്കു കാണിച്ചു തന്നിട്ടുണ്ട്. അന്യോന്യം ക്ഷമിക്കയും സ്നേഹിക്കയും ചെയ്യുന്ന ഒരു സമൂഹമാണ് നമുക്ക് ആവശ്യം. അവിടെ സമാധാനം അനുഭവിക്കാം. സ്വസ്ഥമായ ജീവിതത്തിനു ആവശ്യമായി ഉണ്ടായിരിക്കേണ്ട ഗുണ വിശേഷണത്തെ നിസാരമായി ആളുകൾ തള്ളികളഞ്ഞിരിക്കുന്നു അതാണ് പ്രശ്നം.

★

# ദൈവം ഇന്നു നമ്മോടു നേരിട്ടു സംസാരിക്കുമോ?

J. C. ചോട്ട്

ക്രിസ്തു ഉയിർത്തു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുൻപ് തന്നെ അവൻ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു ശിഷ്യന്മാർ ആക്കി പരിശീലിപ്പിച്ചു. അവർ കേവലം മനുഷ്യർ മാത്രമായിരുന്നു എന്നു അവൻ അറിഞ്ഞിരുന്നു. താൻ അവരോടു പറഞ്ഞതെല്ലാം അവർക്കു ഓർമ്മിക്കാൻ സാദ്ധ്യമല്ല എന്നു അവനു അറിയാമായിരുന്നു. അവർ മനുഷ്യരാകയാൽ മാനുഷിക ബലഹീനതയാൽ തെററു പഠിപ്പിക്കാനും ഇടയുണ്ട് എന്നു ക്രിസ്തുവിനു അറിയാമായിരുന്നു. ഈ ദുഃഖകരമായ അവസ്ഥയും അതിൻെറ ദൂരവ്യാപകമായ ഫലത്തെയും മുൻകണ്ടിട്ടാണ് യേശു തൻെറ ശിഷ്യന്മാർക്കു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തതു. പരിശുദ്ധാത്മാവിനെ ഒരു കാര്യസ്ഥനായിട്ടാണ് അവരിലേക്കു അയച്ചതു. അവരെ സകല സത്യത്തിലും വഴി നടത്തുവാനും കർത്താവു അവരോടു കല്പിച്ചതെല്ലാം അവരെ ഓർപ്പിക്കുന്നതിനും വേണ്ടി പരിശുദ്ധാത്മാവു അവരിൽ നിലകൊണ്ടു (യോഹന്നാൻ 14:26).

യേശു വീണ്ടും അവരോടു പറഞ്ഞതു: സത്യത്തിൻെറ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളത നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും എന്നു ആയിരുന്നു (യോഹന്നാൻ 16:13). ദൈവത്തിൻെറ ആത്മാവാണ് അവരിൽ വരുവാനിരുന്നതു. ദൈവത്തിനു വേണ്ടി അപ്പൊസ്തലന്മാരിൽ വസിച്ചു സംസാരിക്കുകയാണ് ലക്ഷ്യം. ആ ഉദ്ദേശത്തോടെയാണ് ആത്മാവിനെ ദൈവം അവരിൽ അയക്കുന്നത്.

യേശു അപ്പൊസ്തലന്മാരോടു കല്പിച്ചിരുന്നതനുസരിച്ച് അവർ യെരുശലേമിൽ ഒരുമിച്ചു കൂടിയിരുന്നു. പെട്ടെന്നാണ് പരിശുദ്ധാത്മാവ് ശക്തിയോടുകൂടെ അവരിൽ വന്നതു. ദൈവത്തിൽ നിന്നാണ് ആത്മാവ് ശക്തിയോടെ അവരിൽ വന്നതു. ഉടനെ അത്ഭുതകരമായ കഴിവുകൾ അവരിൽ സംജാതമായി. അവർ പഠിച്ചിട്ടില്ലാത്ത ഭാഷയിൽ അവർ സംസാരിക്കാൻ തുടങ്ങി. അവിടെ കൂടി വന്നവർക്കെല്ലാം മനസ്സിലാകുന്നതും എന്നാൽ അപ്പൊസ്തലന്മാർക്കു അന്യവുമായ ഭാഷയായിരുന്നു അത് (പ്രവൃത്തി 2:4-8). അവർക്കു രോഗികളെ സൗഖ്യമാക്കുവാൻ കഴിഞ്ഞു. മരിച്ചവരെ ഉയിർപ്പിക്കുവാൻ സാധിച്ചു. കൂടാതെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ ദൈവിക സത്യം മുഴുവൻ തെററുകൂടാതെ അവർക്കു സംസാരിപ്പാനും കഴിഞ്ഞു. ആ ശക്തിയാൽ അവർക്കു പുതിയ നിയമ പുസ്തകങ്ങൾ ദൈവ ശ്വാസീയമായി എഴുതുവാൻ കഴിഞ്ഞു. അതുകൊണ്ടു വചനത്തിൽ തെററുകളോ വൈപരീത്യമോ ഇല്ല. ഈ അത്ഭുത വരങ്ങൾ അപ്പൊസ്തലന്മാരിൽ കൊടുക്കുവാനുള്ള കാരണങ്ങൾ നാം ശ്രദ്ധിച്ചു മനസിലാക്കണം.

★ യേശു സ്വർഗ്ഗത്തിലേക്കു പോയതുകൊണ്ടു അപ്പൊസ്തലന്മാരെ അവിടെ സഹായിക്കാൻ ഇല്ല.

★ സഭയുടെ ആരംഭത്തിൽ പരിശുദ്ധാത്മാവിനെ പകർന്നതുകൊണ്ടു സഭയുടെ ആവിർഭാവവും നിലനില്പും ദൈവീകമായി തന്നെ നിലനിർത്തണം. മാനുഷിക പോരായ്മകൾ സഭയിൽ വരാതിരിക്കുവാൻ, ഉപദേശവും പരിശീലനവും ദൈവേഷ്ട പ്രകാരം ആയിരിക്കണം.

★ അപ്പൊസ്തലന്മാരും അവരുടെ കൈവെയ്പ് ലഭിച്ചവരും ദൈവത്തിൽ നിന്നുള്ളവരെന്നും അവർ സംസാരിക്കുന്നതു ദൈവ വചനമാണെന്നും തെളിയിച്ചു കൊടുത്തു. അതോടൊപ്പം അവർ രക്ഷാ സുവാർത്ത ലോകത്തെ അറിയിച്ചുകൊണ്ടിരുന്നു.

★ പുതിയ നിയമ പുസ്തകങ്ങൾ അന്നുവരെ എഴുതപ്പെട്ടിട്ടില്ലായിരുന്നു. ദൈവശ്വാസീയ വചനങ്ങൾ അപ്പൊസ്തലന്മാരുടെ പേനകളിലൂടെ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് അവ എഴുതപ്പെട്ടത്.

★ പുതിയ നിയമത്തിലെ ഉപദേശങ്ങൾ ദൈവ വചനമായി ഉറപ്പിക്കുവാൻ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യേണ്ടിയിരുന്നു. ദൈവാത്മാവ് അവരെ അതിന്നു ശക്തീകരിക്കയുണ്ടായി (മർക്കൊസ് 16:20).

★ സഭയുടെ ശൈശവ പ്രായത്തിൽ അവർ ലോകത്തിൽ അങ്ങിങ്ങായി ചിതറിപ്പോയപ്പോഴും അവരെ ദൈവ ശ്വാസിയമായി സഹായിക്കേണ്ടതു അനിവാര്യമായിരുന്നു. അപ്പൊസ്തലന്മാരുടെ കൈവെയ്പും പ്രാർത്ഥനയും അതിനുണ്ടായിരുന്നു (പ്രവൃത്തി 8:14-18). ശരിയായ നേതൃത്വം വ്യക്തികളിൽ ഉണ്ടാകേണ്ടതിനു അവർക്ക് അത്ഭുത വരങ്ങളും പ്രദാനം ചെയ്തിരുന്നു (1 കൊരിന്ത്യർ 12:4-31). അപ്പൊസ്തലന്മാർ ഒഴിച്ച് മററാരും ഈ അത്ഭുത വരങ്ങൾ പകർന്നുകൊടുക്കുന്നില്ല. ആകയാൽ അപ്പൊസ്തലന്മാരും അവരുടെ കൈവെയ്പ് ലഭിച്ചവരും മരിച്ചതോടെ ഈ വിധത്തിലുള്ള അത്ഭുത കാലം നിന്നുപോയി. ദൈവ ശക്തിയോ അത്ഭുത ശക്തിയോ പരിമിതമായതുകൊണ്ടല്ല. പിന്നെയോ വചനം പൂർണ്ണമായി എന്നതാണ് കാരണം. തുടർന്നു എല്ലാ കാലത്തും എല്ലാവരേയും വഴി നടത്തേണ്ടത് വിലപ്പെട്ട വചനമാണ്.

ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട പുതിയ നിയമ സന്ദേശം തികവുള്ളതാണ്. എല്ലാ തിരുവെഴുത്തും ദൈവ ശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു (2 തിമൊഥെയൊസ് 3:16-17). നമ്മുടെ ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെയും അതിൽ ഉൾപ്പെടുത്തിയി

ട്ടുണ്ട്. ഇന്നു നാം ദൈവേഷ്ടം എങ്ങനെയാണ് അറിയുന്നതു ? നമ്മുടെ വിശ്വാസം എങ്ങനെ വളർത്തും ? ഉത്തരം റോമർ 10:17-വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.

എന്നിട്ടും പലരും പറഞ്ഞുകേൾക്കുന്നതു: ദൈവം അവരോടു നേരിട്ടു സംസാരിച്ചു എന്നതാണ്. അവരുടെ അവകാശവാദം ശരിയാണോ ? ഇന്നു പരിശുദ്ധാത്മാവ് വ്യക്തികളോടു നേരിട്ടു സംസാരിക്കുന്നുവോ ? ദൈവം ഒരാളോടു ഒരുവിധത്തിലും മറ്റൊരാളോടു വേറൊരു വിധത്തിലും സംസാരിക്കുമോ ? ഇവർ ദൈവശ്വാസിയരെങ്കിൽ ഇവരുടെ സുവിശേഷ പ്രസംഗങ്ങളിൽ എന്തുകൊണ്ടു വിപരീതോപദേശം കടന്നു വരുന്നു ? ഇവർ പറയുന്നതു സത്യമോ ?

ദൈവം മുന്നറിയിക്കുന്നതു അപ്പൊസ്തലനിലൂടെ: ഇനി ഞങ്ങളാകട്ടെ, സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ മറ്റൊരു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ (ഗലാത്യർ 1:6-8). പ്രവാചക വാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ട്. 'നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയ നക്ഷത്രം ഉദിക്കയും ചെയ്‌വോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊണ്ടാൽ നന്നു. തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നെ അറിഞ്ഞുകൊള്ളണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല; ദൈവ കല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2 പത്രൊ. 1:19-21).

വെളിപ്പാട് പുസ്തകം അവസാനിക്കുന്നതു തന്നെ ആ പുസ്തകത്തിലെ വചനത്തോടു കൂട്ടുകയോ കുറക്കുകയോ ചെയ്യരുത് എന്നു പറഞ്ഞുകൊണ്ടാണ് (വെളിപ്പാട് 22:18-19). മനുഷ്യർക്കു വേണ്ടി ദൈവം നല്കിയ സ

ദേശം പൂർണ്ണമാണ്. ഇന്നു ദൈവം സംസാരിച്ചു എന്നു പറഞ്ഞുകൊണ്ടു അവകാശപ്പെടുന്നവർ അവരുടെ ഭാവനയിലും സങ്കല്പത്തിലും ഒതുങ്ങി നില്ക്കുന്നവരാണ്; അവർ വഞ്ചിക്കപ്പെട്ടിരിക്കയാണ്. അവരെ വിശ്വസിക്കുന്നവരേയും അവർ വഞ്ചിക്കുകയാണ്. ദൈവം എന്തു പറയുന്നു എന്നറിയുവാനാഗ്രഹിക്കുന്നവർ ബൈബിളിലേക്കു നോക്കണം. ദൈവം അരുളിച്ചെയ്ത വചനം അങ്ങനെ തന്നെ സംസാരിക്കാത്തവനു അരുണോദയം കാണാൻ പററുകയില്ലെന്നു പഴയ നിയമത്തിലും, ഒരുത്തൻ പ്രസംഗിക്കുന്നുവെങ്കിൽ അവൻ ദൈവത്തിൻെറ അരുളപ്പാട് സംസാരിക്കട്ടെ എന്നു പുതിയ നിയമത്തിലും പറഞ്ഞിരിക്കുന്നു. എഴുതിയിരിക്കുന്നതിനു അപ്പുറമായി ഭാവിക്കരുത് എന്നു കൂടെ മുന്നറിയിച്ചിട്ടുണ്ട്.

✱

# പാരമ്പര്യമോ സത്യമോ ?

## ഡെന്നീസ്. ജി.

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ആരാധനയിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെട്ടിരിക്കണം എന്ന നിർദ്ദേശം ഉണ്ട്. പക്ഷെ അതിൻെറ സമയ പരിധിയോ ദൈർഘ്യമോ പറഞ്ഞിട്ടില്ല. എങ്ങനെയുള്ള സ്ഥലത്താണ് ആരാധന നടത്തേണ്ടത് എന്നു പറഞ്ഞിട്ടില്ല. ചിലർ അതെല്ലാം തങ്ങളുടെ സമ്പ്രദായവും പ്രാദേശിക ആചാരവുമനുസരിച്ചു അനുഷ്ഠിക്കുന്നു. അതു പാരമ്പര്യത്തെ പിൻപററുന്നു എന്നു പറയാം.

ഈ പാരമ്പര്യത്തെ മറെറാരു ദിശയിൽ നോക്കികാണാവുന്നതാണ്. വളരെ കാലമായി വിശ്വസിച്ചു പോരുന്നതോ ഉപദേശിച്ചു വരുന്നതോ ആയ ഏതെങ്കിലും ഒന്നിനെ നാം ദുരുപദേശമായി എതിർക്കുന്നു. അതു അസ്വീകാര്യ

മായതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നതു. യഹോവാ സാക്ഷികളുടെ ഇടയിലെ നരകം എന്നതിനെ കുറിച്ചുള്ള കാഴ്ച്ചപ്പാട് വചന വിരുദ്ധമാണെന്നു ദൈവ വചനത്തിൽ നിന്നു തെളിയിച്ചിട്ടുള്ള കർത്താവിൻെറ സഭയിലെ ഒരു മൂപ്പൻ ഉണ്ട്. ഊഹാപോഹങ്ങളെ എതിർത്തു ഇല്ലാതാക്കേണ്ടതു ഒഴിച്ചുകൂടാനാവാത്ത ഒന്നു തന്നെയാണ്. പഠിപ്പും പരിജ്ഞാനവുമില്ലാത്തവരെ വഴി തെററിക്കുന്ന ഒന്നാണ് ദുരുപദേശം. അതു ദീർഘ കാലം നിലനിന്നാൽ പാരമ്പര്യമായി മാറും. നാമധേയ വിഭാഗങ്ങളിലെ സിദ്ധാന്തങ്ങൾ മിക്കവാറും ഇങ്ങനെ തലമുറകളായി പിന്തുടരുന്നവയാണ്. അങ്ങനെ അതു നിരവധിപേർ ശരിയാണെന്നു വിശ്വസിച്ചു പോരുന്നു.

ചില വേദശാസ്ത്ര പണ്ഡിതന്മാർ ഏതാനും വിഷയങ്ങളിലുള്ള പാരമ്പര്യ കാഴ്ച്ചപ്പാടുകളെ സ്വാതന്ത്ര്യ മുഖമുദ്രയായി സ്വീകരിച്ച ഉദാഹരണങ്ങൾ ഉണ്ട്. പല വിഷയങ്ങളും യഥാർത്ഥ ദൈവിക കാഴ്ച്ചപ്പാടിൽ നിന്നും അകന്നുപോകുവാനിടയായിട്ടുണ്ട്. ദുഷ്ടന്മാരെ നിത്യമായി ശിക്ഷിക്കുക എന്നതു മുതൽ വിവാഹം-ഉപേക്ഷണം, പുനർവിവാഹം, ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കൽ, സ്ത്രീകളെ ശുശ്രൂഷക്കു നിയമിക്കൽ തുടങ്ങി പലതും ഇങ്ങനെ വിവരിക്കാവുന്നതാണ്. ഇതിലെല്ലാം പാരമ്പര്യമായി നിലനില്ക്കുന്ന സമ്പ്രദായമോ അതോ വചന മാതൃകയോ, ഏതാണ് നമുക്കു വലുത് ? സത്യം തന്നെയാണ് നമുക്കു വലുതു.

ഉപകരണങ്ങൾ ഉപയോഗിക്കരുതെന്നു ബൈബിൾ പറഞ്ഞിട്ടില്ലല്ലൊ. ക്രിസ്തുവിൻെറ സഭയിലുള്ളവർ മാത്രമെ അങ്ങനെ പറയുന്നുള്ളു എന്ന ആരോപണം ഉണ്ട്. പക്ഷെ ബൈബിൾ നിശബ്ദമായിരിക്കുന്ന സന്ദർഭങ്ങളെ നാം അങ്ങനെ തന്നെ എടുക്കുക.

★

# ആമോസിൻെറ ധൈര്യം

**ജോണി രാംസെ**

ഏതു തലമുറയിൽ ആയാലും മഹാത്മാക്കൾ ജീവിതത്തിൽ ഉണ്ടാവുക എന്നതു വളരെ വിരളമാണ്. അത്തരത്തിലുള്ള ഒരപൂർവ്വമായ രത്നമായിരുന്നു ധൈര്യശാലിയായിരുന്ന പ്രവാചകൻ ആമോസ്. ഒരു ദേശത്തിൻെറ മുഴുവൻ ഹൃദയ സ്പന്ദനം സ്ഫുരിക്കത്തക്കവണ്ണം എഴുതപ്പെട്ട പുസ്തകങ്ങൾ വളരെ ചുരുക്കമാണ്. പഴയ നിയമ പുസ്തകങ്ങളുടെ കൂട്ടത്തിൽ ആമോസിൻെറ പുസ്തകത്തിലെ സന്ദേശം തീർച്ചയായും ആ ഗുണനിലവാരം പുലർത്തുന്നതാണ്. നമ്മുടെ ഇന്നത്തെ ആധുനിക സമൂഹത്തെ മാററി നിർത്തി 3000 വർഷങ്ങൾക്കു മുൻപുള്ള ഒരു സമൂഹത്തെ ഉദ്ദേശിച്ചുള്ള കാര്യങ്ങൾ ആണെങ്കിലും ഇന്നും പുതുമ നിലനില്ക്കുന്നതും പ്രകമ്പനം കൊള്ളിക്കുന്നതും ആവശ്യമുള്ളതുമായിരുന്നു. ഒരിക്കലും മരിക്കാതിരിക്കേണ്ടതിനായുള്ള പഠനഗ്രന്ഥവും അതിലെ നിശബ്ദ കാര്യങ്ങളും തികച്ചും പ്രായോഗികം തന്നെ.

ഇന്നത്തെ ഉപദേഷ്ടാക്കന്മാർക്കും സുവിശേഷകന്മാർക്കും അദ്ദേഹത്തിൻെറ ഇരട്ടി ധൈര്യവും നിശ്ചയ ദാർഢ്യവും സമർപ്പണവും ഉണ്ടായിരിക്കണം. ആഹാരത്തിനു ശേഷം പ്രസംഗിക്കാമെന്നു പറയുന്ന സുവിശേഷകരല്ല നമുക്കാവശ്യം; ന്യായവിധിക്കു മുൻപായി പ്രഖ്യാപിക്കുന്നവനാണ്. ആമോസ് എന്ന ഒൻപതു അദ്ധ്യായങ്ങൾ ഉള്ള ഈ പുസ്തകം ശക്തി കേന്ദ്രം തന്നെയാണ്. ജനത്തെ ചിന്തിപ്പിക്കുന്ന വിധത്തിൽ ആമോസ് ഉണർത്തുന്നു. അവരുടെ മനസാക്ഷിയിൽ കുത്തുകൊണ്ടു പ്രവർത്തിക്കാനായി അവരെ ചലിപ്പിച്ചു. ഉപദേഷ്ടാവിനോടൊത്തു മറെറാരു പ്രദേശത്തേക്കു നീങ്ങുവാൻ അവരെ ഉത്തേജിപ്പിച്ചു. ദൈവിക വഴിയിലേക്കു അവരെ തിരിച്ചു കൊണ്ടുവരിക എന്ന ശ്രമകരമായ ജോലി ആമോസ് നിർവ്വഹിക്കുന്നു.

വളരെ കർക്കശരായ മൂന്നു ദൈവ ദാസന്മാരിൽ ദൈവ ജനത്തിനു മാനസാന്തരം എന്ന വിഷയം മുൻപെങ്ങും കൊടുക്കാത്ത വിധത്തിൽ ഊന്നൽ കൊടുത്തു ഏല്പിക്കുന്നുണ്ട്. യെഹസ്കേൽ, ആമോസ്, യോഹന്നാൻ എന്നിവരാണവർ. കൂടുതൽ പ്രചുരപ്രചാരം ലഭിക്കാത്തവരും ആയിരുന്നു ഈ മൂന്നുപേരും.

തല കുനിക്കാത്ത ധൈര്യശാലിയായിരുന്ന ആമോസിനോടു നാം എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നു ചിന്തിച്ചിട്ടുണ്ടോ ? അവന്റെ പേർ വഹിക്കുന്ന ബൈബിൾ സാഹിത്യം പരിശോധിച്ചാൽ യഹോവയോടും അവന്റെ ജനത്തോടുമുള്ള ആമോസിന്റെ സ്നേഹത്തിന്റെ പാരമ്യം മനസിലാകും. വെറുമൊരു ഔദ്യോഗിക പ്രവാചക ദൗത്യമല്ല അവൻ നിർവ്വഹിച്ചത്. മനുഷ്യരാൽ നിന്ദിക്കപ്പെട്ടവനായിരുന്നു. മനുഷ്യർക്ക് ആർക്കും അവനെ പണം കൊടുത്ത് ഒതുക്കുവാനോ അവനെ അവന്റെ ദൗത്യത്തിൽ നിന്നു പിന്തിരിപ്പിക്കാനോ കഴിഞ്ഞില്ല. കന്നുകാലികളെ പോററുന്നവനും പഴം ശേഖരിപ്പുകാരനും ആയിരുന്നു ആമോസ്. എങ്കിലും ദീർഘകാലം നിലനില്ക്കുന്ന സന്ദേശം നല്കുവാൻ പ്രാപ്തിയും കഴിവുമുള്ള ദൈവത്തിന്റെ വക്താവ് ആണ് താൻ എന്നു അവൻ തെളിയിച്ചു.

ലജ്ജാകരമായ പ്രവർത്തികൾ നിമിത്തം ശത്രുദേശങ്ങളെ അതി നിശിതമായിത്തന്നെ ശാസിക്കുന്നതാണ് ആമോസിന്റെ പുസ്തകത്തിലെ പ്രാരംഭ ഭാഗം. ഫെലിസ്ത്യാ, അശൂര്യാ, മോവാബ്, ഐത്യോപ്യാ, മിസ്രയിം ഏദോം എന്നീ ദേശങ്ങളിൽ ലംഘനങ്ങൾ വളരെയധികമായിരുന്നു. ജാതികൾ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടവരല്ലെങ്കിൽ ഇത്തരം ശാസനകൾ കൊടുത്തു ദൈവം സമയം പാഴാക്കുകയല്ലേ ചെയ്തത്? എന്നാൽ അവരും മാനസാന്തരപ്പെടേണ്ടിയിരുന്നു.

ആമോസിന്റെ പുസ്തകം തുടർന്നു വായിക്കുമ്പോൾ ഇസ്രായേൽ ദേശത്തെയും യെഹൂദാ ദേശത്തെയും ശാ

സിക്കുന്നുണ്ട്. അവർ തങ്ങളുടെ ആത്മീയ കൃത്യനിർവ്വഹണത്തിൽ പരാജയപ്പെട്ടിരുന്നു. ഒരിക്കലോടു അവർ ദയവില്ലാതെ അന്യായം പ്രവർത്തിച്ചതു കൂടാതെ അവർ തങ്ങളുടെ ഹൃദയങ്ങളെ അത്യാർത്തിയിലും അസൂയയിലും ആക്കി ദൈവത്തെ ആദരിക്കാതെ അവരുടെ ആത്മീയ വളർച്ചയെ നിർജ്ജീവമാക്കി. ഇന്നു സഭയിൽ നാം അതുപോലെ ബലഹീനരും ലൗകികരും ആയ അംഗങ്ങളെ കാണുന്നുണ്ട്. സാത്താന്റെ വെളിച്ചത്തിൽ പങ്കു ചേരാതിരിക്കുന്നവരെ അവർക്കു പുച്ഛമാണ്.

യേശുക്രിസ്തുവിനോടു കൈ ചേർത്തു പിടിച്ചു നടക്കുവാൻ പ്രയാസപ്പെടുന്നവരെ കാണുമ്പോൾ നമുക്കു വിഷമമുണ്ടാകും. ക്രിസ്തുവിനുവേണ്ടി നാം ആത്മീയ ബലശാലികൾ ആകേണ്ടവരാണ്. നമ്മെ വിളിച്ചിരിക്കുന്നത് അതിനാണ്. ചില ബലഹീന സഹോദരങ്ങളെപ്പോലെ നാം ലോകത്തിനു കീഴ്പ്പെട്ടാൽ ഈ ഭൂമിയിൽ കർത്താവിന്നു സൈന്യം കുറഞ്ഞു പോകുകയില്ലേ ?

രണ്ടുപേർ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുമോ ? ദൈവത്തോടു യോജിക്കാതെ ഒരുമിച്ച് ചേർന്നു നടക്കാൻ സാദ്ധ്യമല്ല. നാം തനിയെ നടക്കുകയാണെങ്കിൽ പാറ കഷണങ്ങൾ നിറഞ്ഞ റോഡിലൂടെ നടക്കുന്നതു പോലെയായിരിക്കും. ''ഇസ്രായേലേ നിന്റെ ദൈവമായ യഹോവയെ എതിരേല്പാൻ ഒരുങ്ങികൊൾക'' എന്ന ഭാഗം (ആമോസ് 4:12). തെററിദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇസ്രായേലിൽ ദുഷ്ടത വർദ്ധിച്ചു പെരുകിയതുകൊണ്ടു അവർക്കു ഇനി ദൈവത്തിന്റെ ന്യായവിധി മാത്രമാണ് അവശേഷിക്കുന്നത്. അവർ ശിക്ഷയെയും ന്യായവിധിയെയും ഒഴിഞ്ഞു പോകയില്ല. അവർ അടിമത്വവും തൽഫലമായി അനുഭവിക്കും. കാററു വിതെച്ചു ചുഴലിക്കാററുകൊയ്യും എന്നു ഹോശെയ പറഞ്ഞതു ഒത്തിരിക്കുന്നു (ഹോശെയ 8:7).

പഴയ നിയമ പുസ്തകങ്ങളിലേതിൽ ആമോസിന്റെ

പുസ്തകത്തിൽ വ്യർത്ഥമായ ആരാധനയെ പ്രതിപാദിക്കുന്നുണ്ട്. ഭക്തി നടിക്കുന്നവരെയും എടുത്തു കാണിക്കുന്നുണ്ട്. മൂല്യത്തെ അവർ അസ്ഥാനത്താക്കിയിരിക്കുന്നു. ഭൗതിക ജീവിതത്തിനു മാത്രം ഊന്നൽ കൊടുത്തിരുന്ന ഒരു തലമുറയെ കാണാം. അവർ യഹോവയുടെ നാമം വൃഥാ എടുത്തവർ ആയിരുന്നു. ശിക്ഷയിൽ നിന്നു ഒഴിഞ്ഞു മാറാൻ പററാത്തവിധത്തിൽ ആളുകൾ വഷളായിപ്പോയി. അവരുടെ അകൃത്യം അവരേയും സ്വർഗ്ഗീയ പിതാവിനേയും തമ്മിൽ വേർപിരിച്ചു.

നാശകരമായ ഒരു നാൾ വരുന്നു എന്നും ഇസ്രായേൽ അവരുടെ അകൃത്യ ഭാരം ചുമക്കേണ്ടിവരും എന്നും മുന്നറിയിച്ചിട്ടുണ്ട്. കാരണം അവർ ഉദാസീനരും ആത്മാർത്ഥതയില്ലാത്തവരും ആയിരുന്നു. ലൂക്കൊസിന്റെ സുവിശേഷം പതിനാറാം അദ്ധ്യായത്തിൽ പറയുന്ന ധനവാന്റെ അവസ്ഥയിലേക്കു അവർ നീങ്ങിക്കൊണ്ടിരിക്കയാണ്. വളരെക്കാലം അവർ തങ്ങളുടെ വഴിക്കു സഞ്ചരിച്ചു. ഇനി അവർ കാത്തിരിക്കുന്നതു യാതന അനുഭവിക്കുന്നതിനാണ്. മുൻപൊരിക്കലും ഉണ്ടാകാത്ത വിധത്തിലുള്ള കഷ്ടം ആയിരിക്കും അവർക്കു വരുന്നത് (യിരെമ്യാവ് 30:7).

ശത്രുക്കളുടെ മണ്ണിൽ അടിമ വേല ചെയ്തു അനേക വർഷം കഴിയേണ്ടി വരിക എന്നതു പ്രയാസകരമായ ഒന്നത്രെ. ആത്മിയമായ അവരുടെ കാഴ്ച്ചപ്പാട് വ്യത്യസ്തമായ ദിശയിലായതുകൊണ്ടാണ് അവർക്കങ്ങനെ സംഭവിച്ചത്. ദീർഘകാലം അവർ കണ്ണുനീരിലും ഏകാന്തതയിലും കഴിയേണ്ടി വന്നത് മററുള്ളവരുടെ ആവശ്യങ്ങളെ ബോധപൂർവ്വം അവഗണിച്ചതുകൊണ്ടു കൂടെയാണ്. ദൈവിക നിയമത്തിൽ നിന്നകന്നു പോയി അവരുടെ ചിന്തയും പ്രവർത്തികളും.

★

# വിഴിഞ്ഞത്ത് സീസൺ തുടക്കം

കടലിൽ മീൻ നിറഞ്ഞു: കടപ്പുറത്ത് കുടിലുകളിൽ ആഹ്ളാദത്തിന്റെ തിരയിളക്കം. ഇനിയുള്ള മൂന്നുമാസം വിഴിഞ്ഞത്ത് ഉത്സവമാണ്. തേങ്ങാപ്പട്ടണം മുതൽ നീണ്ടകര വരെയുള്ള തീരദേശ ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികൾ വള്ളമിറക്കാൻ വിഴിഞ്ഞത്ത് എത്തിക്കഴിഞ്ഞു.

ജില്ലയിലെ മററു കടപ്പുറങ്ങൾ ഇക്കാലത്ത് മീൻപിടിത്തത്തിന് അനുകൂലമല്ല. കടൽക്ഷോഭം കാരണം വള്ളമിറക്കാനാവില്ല. അതിനാൽ ലോറികളിൽ വള്ളവുമായി വിഴിഞ്ഞം തുറമുഖത്തെത്തിയാണ് തൊഴിലാളികൾ മീൻപിടിക്കാൻ പോകുന്നത്. തിരികെ മീനുമായി അതത് കടപ്പുറങ്ങളിൽ കയറണമെന്നാണ് വ്യവസ്ഥ.

ഓരോ പ്രദേശത്തുനിന്നുമുള്ള തൊളിലാളികൾക്ക് ഊഴംവെച്ച് കടലിൽ പോകാൻ അവസരമൊരുക്കുന്നതിന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ധാരണയായി. ഊഴം നിശ്ചയിക്കുന്നതിനെച്ചൊല്ലി കടപ്പുറത്ത് വഴക്കും കയ്യേററവും പതിവാണ്.

തീരത്തെ സ്ഥലപരിമിതിയാണ് പ്രധാനപ്രശ്നം. 35 കൊല്ലം മുമ്പ് പണി തുടങ്ങിയ മത്സ്യബന്ധ തുറമുഖം പാതിപോലുമാകാതെ അവശേഷിക്കുന്നു. പണിയ്ക്കു സാമഗ്രികളും ഷെഡുകളും കാരണം ഉള്ളസ്ഥലവും ഉപയോഗിക്കാനാവാത്ത സ്ഥിതിയാണ്.

നിരോധനം ലംഘിച്ച് അയൽ സംസ്ഥാനങ്ങളിലെ ട്രോളറുകൾ അസമയത്ത് വിഴിഞ്ഞം കടലിൽ മീൻപിടിക്കുന്നതിനായി തദ്ദേശീയർ ആവലാതിപ്പെടുന്നു.

## ഈഞ്ചക്കലിലെ സ്ഥലമെടുപ്പ്: അന്വേഷിക്കണമെന്ന് കെ എസ്.ആർ.ടി.സി.

കെ. എസ്. ആർ. ടി. സി. ക്ക് ഓപ്പറേറ്റിങ്ങ് സെൻറർ തുടങ്ങുന്നതിന് ഈഞ്ചയ്ക്കലിൽ ഏറ്റെടുത്ത ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറിയതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അന്വേഷിക്കണമെന്ന് ചൊവ്വാഴ്ച ചേർന്ന കെ. എസ്. ആർ. ടി. സി. ബോർഡ് യോഗം സർക്കാരിനോടാവശ്യപ്പെട്ടു. സ്ഥലം വേണമോ വേണ്ടയോയെന്ന തർക്കവും സ്ഥലത്തിന് മതിയായ തുക നൽകുന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിലും സർക്കാർ ഇടപെടണമെന്നാണ് ബോർഡ് യോഗം ആവശ്യപ്പെട്ടത്. സ്ഥലം ഏറ്റെടുക്കൽ വൈകിപ്പിച്ചതും അന്വേഷിക്കണമെന്ന നിർദ്ദേശം ഉയരുകയും ചെയ്തു.

ബാംഗ്ലൂർ ബസ്സുകളിൽ സീററ് റിസർവ് ചെയ്യുന്ന പ്രവൃത്തി സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കരുതെന്നും ഇത് കോർപ്പറേഷൻ തന്നെ തുടർന്നും ചെയ്താൽ മതിയെന്നും തീരുമാനിച്ചു. കോർപ്പറേഷന് ആവശ്യമായ ത്രെഡ് റബറിൻെറ 50 ശതമാനം പൊതുമേഖലാ സ്ഥാപനമായ ററിആർഡബ്ല്യുവിന് നൽകും.

# റവന്യൂ കാർഡ്: തീയതി നീട്ടിയേക്കും

റവന്യൂ കാർഡിനുള്ള അപേക്ഷ സമർപ്പണത്തിൽ പുരോഗതി ഉണ്ടാകാത്തതിനാൽ അവസാന തീയതി വീണ്ടും നീട്ടാൻ സാദ്ധ്യത. റവന്യൂകാർഡിനെ സംബന്ധിച്ച ആശങ്കകൾ നീക്കാനും പ്രായോഗിക പരിപാടികൾ ആസൂത്രണം ചെയ്യാനും റവന്യൂ മന്ത്രി കെ. ഇ. ഇസ്മയിൽ

ബുധനാഴ്ച്ച വിളിച്ചുചേർക്കുന്ന ജില്ലാ കലക്ടർമാരുടെയും റവന്യൂവകുപ്പിലെ ഉദ്യോഗസ്ഥരുടെയും യോഗത്തിൽ ഇത് ചർച്ചാവിഷയമാകും. റവന്യു കാർഡ് വർഷത്തിലൊരിക്കൽ പുതുക്കേണ്ടിവരുമെന്ന് അറിയുന്നു. റവന്യൂ കാർഡിനുള്ള അപേക്ഷാ സമർപ്പണത്തിന്റെ നിലവിലുള്ള കാലാവധി ജൂൺ 15 നാണ്. എന്നാൽ വിതരണം ചെയ്തതിന്റെ പകുതി അപേക്ഷാപത്രങ്ങൾ മാത്രമാണ് തിരികെ ലഭിച്ചിട്ടുള്ളത്. ഇതിനിടെ റവന്യു കാർഡ് സംബന്ധിച്ച് ഉദ്യോഗസ്ഥർക്കിടയിൽ നിലനിൽക്കുന്ന ആശങ്ക പരിഹരിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ലെന്നും പരാതിയുണ്ട്. അതുകൊണ്ടുതന്നെ വില്ലേജ് തലങ്ങളിലും താലൂക്കോഫീസുകളിലും ജനങ്ങൾ ഉന്നയിക്കുന്ന സംശയങ്ങൾ പരിഹരിക്കാൻ തങ്ങൾക്ക് കഴിയുന്നില്ലെന്നാണ് ഉദ്യോഗസ്ഥരുടെ പരാതി.

എന്നാൽ റവന്യു കാർഡ് നിയമത്തിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഉണ്ട് എന്ന് സർക്കാർ വക്താക്കൾ പറയുന്നു. ഇതനുസരിച്ച് റവന്യു കാർഡ് വർഷത്തിലൊരിക്കൽ പുതുക്കേണ്ടിവരുമെന്നാണ് വ്യവസ്ഥ. കുടുംബത്തിന്റെ വരുമാനത്തിലെ വ്യതിയാനങ്ങളും, മററ് കാര്യങ്ങളും വർഷത്തിലൊരിക്കൽ സർക്കാരിനെ അറിയിച്ച് റവന്യു കാർഡ് പുതുക്കേണ്ടിവരും. സാധാരണഗതിയിൽ ഒരു റവന്യു കാർഡിന്റെ കാലാവധി ഒരു വർഷമായാണ് നിജപ്പെടുത്തിയിരിക്കുന്നതെന്ന് അവർ പറയുന്നു. എന്നാൽ റവന്യു കാർഡിൽ നൽകുന്ന വിവരങ്ങൾ തെററാണെന്ന പരാതി ലഭിച്ചാൽ മാത്രമേ ശിക്ഷനൽകാൻ കഴിയുള്ളു. സാധാരണഗതിയിൽ റവന്യുകാർഡിനുള്ള അപേക്ഷകൾ പരിശോധിക്കാനുള്ള ഉദ്യോഗസ്ഥർ ലഭ്യമല്ലാത്തതുകൊണ്ടുതന്നെ മിക്കവാറും അപേക്ഷകൾ അതേപടിയംഗീകരിക്കുകയാണ് പോംവഴി.

അപേക്ഷയിലെ വിവരങ്ങൾ തെററാണെന്ന് ബോധ്യപ്പെട്ടാൽ ക്രിമിനൽ നടപടിക്രമങ്ങൾ ആണ് സ്വീകരിക്കുക.

## പ്രീഡിഗ്രി ഒരു വർഷം കൂടി നിലനിർത്തണം

ആവശ്യത്തിന് പ്ലസ്ടു സ്കൂളുകൾ അനുവദിക്കാത്തപക്ഷം ഒരു വർഷം കൂടി പ്രീഡിഗ്രി നിലനിർത്തണമെന്ന് കെ.എം. മാണി പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ പ്ലസ്ടു വിദ്യാലയങ്ങളിലാകെ 1.25 ലക്ഷം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനേ സൗകര്യമുള്ളു. ബാക്കി 1.80 ലക്ഷം വിദ്യാർത്ഥികൾക്ക് തുടർവിദ്യാഭ്യാസം നടത്താനുള്ള മൗലികാവകാശം ഗവൺമെൻറ് നിഷേധിച്ചിരിക്കുകയാണ്. പ്രൈവററായി പഠിച്ചെഴുതാനുള്ള സംവിധാനം റദ്ദാക്കി പകരം ഓപ്പൺസ്കൂൾ സൗകര്യമുണ്ടാക്കുന്നത് പ്രാകൃതമാണ്. 180 അധ്യയനദിവസങ്ങൾക്കു പകരം ഓപ്പൺസ്കൂളിൽ 30 ദിവസം പരിശീലനം കൊടുത്ത് പരീക്ഷയ്ക്കൊരുക്കാമെന്നത് വ്യാമോഹമാണ്. പ്രൈവററ് രജിസ്ട്രേഷൻ നിലനിർത്തുകയാണ് പരിഹാരം.

പാലാ നിയോജകമണ്ഡലത്തിൽ 2450 പ്രീഡിഗ്രി സീററുകൾ ഇല്ലാതായപ്പോൾ 950 പ്ലസ്ടു സീററുമാത്രം അനുവദിച്ചത് പ്രതികാരമാണ്.

പ്ലസ്ടു പ്രശ്നത്തിൽ യു. ഡി. എഫ്. 16ന് സെക്രട്ടേറിയററ് മാർച്ചും ധർണയും നടത്തും. 22ന് ഡി. ഇ. ഒ. ഓഫീസും മാർച്ചും സംഘടിപ്പിച്ചിട്ടുണ്ടെന്നു അദ്ദേഹം പറഞ്ഞു. ആനുകൂല്യങ്ങൾ നേടാൻ അടിസ്ഥാനരേഖയായി യു. ഡി. എഫ്. സർക്കാർ ആണ് വെന്ന്യുകാർഡ് എന്ന ആശയം കൊണ്ടുവന്നത്. എന്നാൽ അനാവശ്യവും അപ്രായോഗികവുമായ നിബന്ധനകൾ കൂട്ടിച്ചേർത്ത് പിഴയും ജയിൽ ശിക്ഷയും ഏർപ്പെടുത്തിയത് ജനദ്രോഹമാണ്.

★

# കർത്താവ് ഇങ്ങനെ ചെയ്താൽ?

## ഡ്വില്ലാർഡ് തർമാൻ

ഗലീലയിൽ, യേശു ഉപദേശിക്കുവാനും പ്രസംഗിക്കുവാനും തുടങ്ങിയപ്പോൾ അവന്റെ ശ്രുതി അവിടെ നിന്നും മററു പ്രദേശങ്ങളിലും എത്തുവാൻ തുടങ്ങി. മാത്രമല്ല വലിയ പുരുഷാരം അവന്റെ പ്രസംഗം കേൾക്കുവാൻ തടിച്ചുകൂടി. രോഗികളെ അവൻ സൗഖ്യമാക്കുകയും ചെയ്തു. ഗലീല, ദെക്കപ്പൊലി, യെരുശലേം, യെഹൂദ്യ, യോർദ്ദാന്നക്കരെ എന്നീ ഇടങ്ങളിൽ നിന്നു പുരുഷാരം അവനെ പിന്തുടർന്നു (മത്തായി 4:25). യേശുക്രിസ്തു എവിടെയെല്ലാം പോയോ അവിടെയെല്ലാം ജനക്കൂട്ടം അവനെ അനുഗമിച്ചു. പൊതുജനങ്ങളോടു ദൈവിക കാര്യങ്ങൾ ആധികാരികമായി അവൻ സംസാരിച്ചപ്പോൾ വലിയ പുരുഷാരം അവന്റെ വാക്കു സന്തോഷത്തോടെ കേട്ടുപോന്നു (മർക്കൊസ് 12:37). അവൻ ചെയ്ത അടയാളങ്ങൾ അവൻ ദൈവത്തിൽ നിന്നാണെന്നു തെളിയിക്കുന്നതായിരുന്നു. യെഹൂദന്മാരുടെ ഒരു പ്രമാണിയായിരുന്ന നിക്കൊദേമൊസ് പറഞ്ഞതു: ''റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു. ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്‌വാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു (യോഹന്നാൻ 3:2).

യേശു ഗന്നേസരെത്തു തടാകത്തിനരികത്തു നില്ക്കുമ്പോൾ പുരുഷാരം ദൈവ വചനം കേൾക്കേണ്ടതിനു തിക്കി തിരക്കിക്കൊണ്ടിരുന്നു (ലൂക്കൊസ് 5:1). ദൈവ പുത്രനായി വന്ന യേശുവിനു ഭൂമിയിൽ യാതൊന്നുമില്ലായിരുന്നു എന്നു അവൻ തന്നെ പറയുന്നുണ്ട്. എന്നാൽ അവന്റെ ഉപദേശത്തിൽ ആളുകൾക്കു ആശ്ചര്യം തോന്നി. അവന്റെ വായിൽ നിന്നു കേട്ട വചനങ്ങൾ ലാവണ്യം നിറഞ്ഞതായിരുന്നു. എല്ലാവരും അവനെ പുകഴ്ത്തുകയും

ചെയ്തു (ലൂക്കൊസ് 4:22). അധികാരത്തോടും ശക്തിയോടും കൂടെ അശുദ്ധാത്മാക്കളോടു പറഞ്ഞപ്പോൾ അവരും അവനെ അനുസരിക്കുന്നതു കണ്ടു ജനം വിസ്മയിച്ചു.

## ഒരു വ്യക്തിയായി യേശു ഇന്നു ആരെയും സന്ദർശിക്കുന്നില്ല

നമ്മുടെ ഈ കാലത്തു യേശു ഒരു പട്ടണത്തിലും ഗ്രാമത്തിലും നേരിട്ടു വന്നു സംസാരിക്കുന്നില്ല. ദൈവം മനുഷ്യർക്കായി രൂപപ്പെടുത്തിയ രക്ഷാ പദ്ധതി അവൻെറ പുത്രനായ ക്രിസ്തുവിൽ കൂടെ അപ്പൊസ്തലന്മാരിലേക്കും അവരിൽ നിന്നു ലോകത്തിലേക്കും കൊടുക്കുകയുണ്ടായി. നമുക്കു ഇന്നുള്ള സുവിശേഷത്തെ മാററുവാൻ ആർക്കും അധികാരമോ അവകാശമോ ഇല്ല. അപ്പൊസ്തലനായ പൌലൊസ് സുവിശേഷത്തെ കുറിച്ചു പറയുന്നതു: എങ്കിലും ഈ അത്യന്ത ശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിൻെറ ദാനമത്രെ എന്നു വരേണ്ടതിനു ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളതു (2 കൊരിന്ത്യർ 4:7). ഒരു നിമിഷം ഒന്നു ചിന്തിക്കുക. യേശു ഇന്നു നമ്മുടെ പട്ടണത്തിൽ, ഗ്രാമത്തിൽ, നാട്ടിൽ നേരിട്ടു വന്നു ഉപദേശിക്കയും പ്രസംഗിക്കയും ചെയ്താൽ നമ്മുടെ പ്രതികരണം എന്തായിരിക്കും ? അന്നു ആളുകൾ അവൻെറ ഉപദേശം കേൾക്കാൻ തിക്കി തിരക്കിയതു പോലെ ഇന്നു തിക്കി തിരക്കുമോ ? 2000 വർഷങ്ങൾക്കു മുൻപ് ഗലീലയിലും മററു പ്രദേശങ്ങളിലും ഉണ്ടായ പ്രതികരണം ഇന്നു നമ്മുടെ നാട്ടിൽ പ്രതീക്ഷിക്കാമോ ?

## യേശു സഭ പണിയുവാൻ വന്നിരുന്നെങ്കിൽ

യേശു നേരിട്ടു വന്നു നിങ്ങളുടെ സമൂഹത്തിൽ അവസഭ സ്ഥാപിക്കുകയാണെങ്കിൽ അന്നു പത്രോസ് പറഞ്ഞതു പോലെ നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാകുന്നു എന്നു ഏററു പറയുമോ ? ഈ പാറമേൽ

ഞാൻ എന്റെ സഭയെ പണിയും എന്നു പറഞ്ഞാൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും ? എല്ലാ സഭകളും ഒരുപോലെയാണെന്നോ ? ഏതെങ്കിലും ഒരു സഭയിൽ പോയാൽ മതി എന്നോ പറയുമോ ? സഭക്കു വേണ്ടി യേശു തന്റെ സ്വന്ത ജീവൻ കൊടുത്തു സമ്പാദിച്ചതാണ് എന്നു പൌലൊസ് ഓർപ്പിക്കുന്നുണ്ട്. കർത്താവു തന്നെ അതു നേരിട്ടു പറഞ്ഞാലോ എന്തായിരിക്കും പ്രത്യാഘാതം (എഫെസ്യർ 5:25; പ്രവൃത്തി 20:28). സഭയ്ക്കു പുറത്തു ആർക്കും രക്ഷയില്ലെന്നു പറഞ്ഞാൽ അതിനെതിരായി വാദിക്കാൻ ശ്രമിക്കുമോ ? സഭയിലാണ് ദൈവത്തെ മഹത്വപ്പെടുത്തേണ്ടതെന്നു ക്രിസ്തു പറഞ്ഞാൽ അങ്ങനെ തന്നെ ചെയ്യുമോ ?

## വിഭാഗങ്ങളെ അവൻ എതിർത്താലോ ?

ദൈവത്താൽ പണിയപ്പെടാത്ത സഭകൾ തെററാണെന്നും അവർക്കു ദൈവത്തിൽ നിന്നു ശിക്ഷയാണു വരുവാനുള്ളതെന്നും കർത്താവു നേരിട്ടു വന്നു പറഞ്ഞാൽ നിങ്ങൾ എന്തു ചെയ്യും ? സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞുപോകുമെന്നും അവരെ വിടുവിൻ. അവർ കുരുടന്മാരായ വഴി കാട്ടികൾ അത്രേ. കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴും എന്നും പറഞ്ഞാൽ നിങ്ങൾ അതു സത്യമായി സ്വീകരിക്കുമോ ? (മത്തായി 15:13-14). സഭയെ സംബന്ധിച്ചു കർത്താവു ഇങ്ങനെ പറഞ്ഞാൽ ഇന്നത്തെ മതാദ്ധ്യക്ഷന്മാർ യേശുവിനെ സങ്കുചിത മനോഭാവക്കാരൻ എന്നു പറയുമോ ? കർത്താവു സ്ഥാപിച്ച ഏക സഭ മതി എന്നു പറയാൻ എത്ര പേർക്കു കഴിയും ?

ഇനി യേശുക്രിസ്തു പ്രാർത്ഥിക്കുന്നതു കേൾക്കുന്നവരുടെ പ്രതികരണം എന്തായിരിക്കുമെന്നു ചിന്തിക്കാം. ''ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ (അപ്പൊസ്തലന്മാർ) വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയ

ച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവ രും ഒന്നാകേണ്ടതിനു തന്നേ. ഭിന്നിപ്പ് ഒഴിവാക്കി ഒന്നാ യി തീരുവാൻ കർത്താവു അപേക്ഷിച്ചാൽ ആളുകൾ എന്തു ചെയ്യും ? അപ്പോഴും അതു ആവശ്യമില്ലെന്നു പറഞ്ഞു നി രാകരിക്കുമോ ? ഐകമത്യപ്പെടുവാനുള്ള യേശുവിന്റെ പ്രാർത്ഥന നിങ്ങൾ വ്യക്തിപരമായി കേട്ടാൽ എന്തു ചെയ്യും ?

## സ്നാനത്തെ കുറിച്ച് യേശു സംസാരിച്ചാൽ

യേശു, നിങ്ങളുടെ നാട്ടിലോ, ഗ്രാമത്തിലോ, പട്ടണ ത്തിലോ വന്നു വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നു വാഗ്ദാനം ചെയ്താ ൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും ? വിശ്വസി ച്ചാൽ മതി സ്നാനം രക്ഷക്കു ആവശ്യമില്ല എന്നു പറഞ്ഞു തർക്കിക്കുമോ ? സ്നാനത്തെ സംബന്ധിച്ച് ക്രിസ്തു പഠിപ്പിച്ചതു അങ്ങനെ തന്നെ നിങ്ങൾ സ്വീകരിക്കുമോ ? അതോ സ്നാനപ്പെടാതിരിക്കാൻ ഒഴിവുകഴിവുകൾ നിര ത്തുമോ. വെള്ളത്തിൽ പോയി മുങ്ങിയാൽ പാപം പോ കുമോ എന്നെല്ലാം ചോദിക്കാൻ നില്ക്കുമോ ? രക്ഷിക്കപ്പെ ടുവാൻ ദൈവം കല്പിച്ചിരിക്കുന്ന കല്പനകൾക്കു കീഴ് പ്പെടുവാൻ നിങ്ങൾ മനസ്സു വെക്കുമോ ?

## ഇനി അപ്പോസ്തലന്മാർ വരികയാണെങ്കിൽ ?

യേശുവിന്റെ അപ്പൊസ്തലന്മാർ നിങ്ങളുടെ സമൂ ഹത്തിൽ വന്നു കർത്താവിന്റെ ഉപദേശം അങ്ങനെ തന്നെ പഠിപ്പിച്ചാൽ, അതേ വിശ്വാസത്തിലും ഉപദേശത്തിലും, ആരാധനയിലും പരിശീലനത്തിലും മുമ്പോട്ടു പോയാൽ നിങ്ങൾ അവരെ കൈക്കൊള്ളുമോ ?

(ശേഷം അടുത്ത ലക്കത്തിൽ)

★

# ആദാം - ക്രിസ്തുവിന്റെ മുൻകുറി

## W. A. ഹോളെ

ആദാമിൽ നിന്നു പാപം ലോകത്തിലേക്കു വന്നു എന്നു പറഞ്ഞുകൊണ്ട് അപ്പൊസ്തലൻ വിവരിക്കുന്നതു ശ്രദ്ധിക്കുക. എങ്കിലും വരുവാനുള്ളവന്റെ പ്രതിരൂപമായ ആദാമിന്റെ ലംഘനത്തിനു തുല്യമായി പാപം ചെയ്യാത്തവരിലും മരണം ആദാം മുതൽ മോശെ വരെ വാണിരുന്നു (റോമർ 5:14). മുകളിൽ പ്രസ്താവിച്ച ഭാഗത്തിൽ നിന്നും ആദാം മുതൽ മോശെ വരെ ജീവിച്ച ആളുകൾ പാപം ചെയ്യാതിരുന്നില്ല എന്നല്ല മനസിലാക്കുന്നതു. ചരിത്രം നോക്കിയാൽ വിവിധ തരത്തിൽ ആളുകൾ പാപം ചെയ്തുകൊണ്ടിരുന്നു എന്നു കാണാം. കയ്യീൻ, സോദോം തുടങ്ങിയ ധാരാളം ഉദാഹരണങ്ങൾ തന്നെ അതു തെളിയിക്കുന്നു. എന്നാൽ ആദാം ചെയ്തതുപോലെയുള്ള പാപം ആയിരുന്നില്ല തുടർന്നുള്ളവർ ചെയ്തിരുന്നത്. അതുകൊണ്ടു നാം ആദാമിന്റെ അകൃത്യത്തിനു കുറ്റക്കാരാകുന്നില്ല. മനുഷ്യൻ പാപിയായി ജനിക്കുന്നില്ല (യെഹസ്കേൽ 28:15). നാം ജന്മനാ ദൈവത്തിൽ നിന്നു അകലുകയല്ല, മറിച്ച് പാപം ചെയ്തു അകന്നു പോകുകയാണ് (സങ്കീർത്തനങ്ങൾ 58:3; യിരെമ്യാവ് 50:6; യെഹസ്കേൽ 14:11).

ആദാമിനേയും ക്രിസ്തുവിനെയും തമ്മിൽ താരതമ്യം ചെയ്യാവുന്ന ചില കാര്യങ്ങൾ ബൈബിളിലുണ്ട്. ഒന്നു കൊരിന്ത്യർ പതിനഞ്ചാം അദ്ധ്യായം നാൽപത്തഞ്ചു മുതൽ നാല്പത്തിയേഴു വരെയുള്ള വാക്യങ്ങൾ വായിച്ചാൽ അതു വ്യക്തമാകും. അതുകൊണ്ടു ആദാം ക്രിസ്തുവിന്നു മുൻകുറിയായിരുന്നു എന്നു മനസിലാക്കാം.

1. ആദാം ഈ ലോകത്തിലേക്കു ജനിച്ചു വീണതല്ല; അത്ഭുതകരമായി സൃഷ്ടിക്കപ്പെട്ടതത്രേ. യഹോവയാ

യ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മി ച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു (ലെ്പത്തി 2:7; യെശയ്യാവ് 7:14).

യേശുക്രിസ്തു അത്ഭുതകരമായി ഒരു കന്യകയായിരുന്ന മറിയയിൽ കൂടെയാണ് ജനിച്ചത്. സാധാരണ രീതിയിലല്ല യേശുക്രിസ്തു ഈ ഭൂമിയിലേക്കു വന്നതു. ''എന്നാൽ യേശുക്രിസ്തുവിന്റെ ജനനം ഈ വണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം അവർ കൂടിവരും മുമ്പെ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു അവരം ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു കർത്താവിന്റെ ദൂതൻ പറഞ്ഞു'' (മത്തായി 1:18,21).

2. ആരംഭത്തിൽ ആദാമിന്നു ഭാര്യയുണ്ടായിരുന്നില്ല. അവന്നു ഗാഢ നിദ്ര വരുത്തി അവന്റെ വാരിയെല്ലിൽ ഒന്നെടുത്തു സ്ത്രീയെ മെനഞ്ഞാണ് ദൈവം അവന്നു ഭാര്യയെ കൊടുത്തത് (ഉല്പത്തി 2:21-24).

ആരംഭത്തിൽ യേശുവിനും ഭാര്യയില്ലായിരുന്നു. എന്നാൽ അവൻ കഷ്ടതയേററു മരിച്ച ശേഷം അവന്നു ഒരു മണവാട്ടി ലഭിച്ചു. സഭയാണ് അവന്റെ കാന്ത (എബ്രായർ 9:22-24). സഭയെ വീണ്ടെടുക്കുവാൻ യേശുവിനു രക്തം ചിന്തേണ്ടി വന്നു (മത്തായി 16:18; എഫെസ്യർ 5:25; പ്രവൃത്തി 20:28; വെളിപ്പാട് 21:9; റോമർ 7:4).

3. ആദാമിന്നു ഗാഢനിദ്ര വരുത്തി. എങ്കിലും അവൻ ഉയിർത്തെഴുന്നേററു (ഉല്പത്തി 2:21-24). മനുഷ്യ ചരിത്രത്തിലെ ആദ്യത്തെ ഓപ്പറേഷനായിരുന്നു ആദാമിന്റേത്.

ദൈവം ആദാമിന്നു തക്കതായ തുണയാണ് കൊടുത്തത്. സ്ത്രീയെ എടുത്തതു പുരുഷൻെറ തലയിൽ നിന്നല്ല. അങ്ങനെയായിരുന്നെങ്കിൽ സ്ത്രീക്കു പുരുഷനെ ഭരിക്കാമായിരുന്നു. പക്ഷെ അതായിരുന്നില്ല ഉദ്ദേശം. വശത്തു നിന്നെടുത്തതുകൊണ്ടു പുരുഷനോടു ചേർത്തു നിർത്തേണ്ടതിനത്രെ അങ്ങനെ ചെയ്തതു.

യേശുക്രിസ്തു മരണം എന്ന നിദ്രയിലാണ്ടിരുന്നു. എന്നാൽ അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേററു വന്നു ഇന്നും ജീവിക്കുന്നു (പ്രവൃത്തി 1:22; 2:31; 4:33; റോമർ 1:4; ഫിലിപ്പിയർ 3:10; 1 പത്രൊസ് 1:3). പുനരുത്ഥാനം കഴിഞ്ഞു എന്ന വിശ്വാസത്തിൽ ചിലർ പൌലൊസിനു എഴുതുകയുണ്ടായി (2 തിമൊഥെയൊസ് 2:18). മോശെയുടെ ന്യായപ്രമാണത്തിന്മേൽ പോലും വിജയിക്കാൻ അങ്ങനെ സാഹചര്യമൊരുക്കി (കൊലൊസ്യർ 2:14-17). പാപത്തെ അതിജീവിക്കാൻ യേശുക്രിസ്തു മൂലം അങ്ങനെ കഴിയുന്നു. യേശു പാപത്തിനു പ്രായശ്ചിത്ത ബലിയായി തീർന്നു (എബ്രായർ 7:27).

4. ആദാമിന്നു ഒരേ ഒരു ഭാര്യമാത്രമാണുണ്ടായിരുന്നത്; ഹവ്വ. അന്നും ഇന്നും ബഹുഭാര്യാത്വം ദൈവ സന്നിധിയിൽ പാപമത്രെ. ഒരു പുരുഷനും സ്ത്രീയും തമ്മിൽ വിവാഹം കഴിക്കുമ്പോൾ ആത്മിയമായി അവർ ഒരു ദേഹമായി തീരുന്നു. ദൈവം യോജിപ്പിച്ചവരെ തമ്മിൽ മനുഷ്യർ വേർപിരിക്കരുത് (മത്തായി 19:3-9; മർക്കൊസ് 10:11-12). സാമൂഹ്യ ക്രമത്തിൻെറ അടിസ്ഥാന തത്വമാണ് വിവാഹം. വിവാഹ ഗുണത്താലല്ലാതെ ലൈംഗികതയെ സ്വീകരിക്കുന്നവർ തിന്മയുടെ ഫലം ആസ്വദിക്കുകയാണ്. അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു വിവാഹശേഷം പുരുഷൻ ഭാര്യയോടു പററിച്ചേരും.

ക്രിസ്തുവിനും ഏക മണവാട്ടിയേയുള്ളു. സഭയാണ് ആ ഏക ഭാര്യ (2 കൊരിന്ത്യർ 11:2; എഫെസ്യർ 5:23-

32; വെളിപ്പാട് 22:17). ഈ വാക്യങ്ങൾ വായിച്ചാൽ കർത്താവിന്നു ഒരേ ഒരു സഭ മാത്രമാണുള്ളതു എന്നു കാണാം. നാമധേയ വിഭാഗങ്ങൾ ഒന്നും തന്നെ കർത്താവിന്റേതല്ല. അവയെല്ലാം മനുഷ്യരുടെ കണ്ടു പിടുത്തങ്ങളാണ്. ബഹുഭാര്യാത്വം ദൈവം വെറുക്കുന്നതു പോലെ ഒന്നിലധികം സഭകളും ദൈവം ഇഷ്ടപ്പെടുന്നില്ല (എഫെസ്യർ 4:4). വിഭാഗീയത ദൈവത്തിനു എതിരാണ് (യോഹന്നാൻ 17: 20-23; മത്തായി 15:13).

5. ആദാമിന്റെ പേരിൽ ആണ് അവന്റെ ഭാര്യ അറിയപ്പെട്ടത്. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. സൃഷ്ടിച്ച നാളിൽ അവരെ അനുഗ്രഹിക്കയും അവർക്കു ആദാമെന്നു പേരിടുകയും ചെയ്തു (ഉല്പത്തി 5:2).

ക്രിസ്തുവിനെ വിവാഹം ചെയ്തവർ ക്രിസ്ത്യാനികൾ എന്നു മാത്രമാണ് അറിയപ്പെടേണ്ടതു. സ്വർഗ്ഗത്തിലും ഭൂമിയിലും സകല കുടുംബത്തിനും പേർ വരുവാൻ കാരണമായതു പിതാവിനാലത്രേ. ക്രിസ്തു തന്റെ സഭയുടെ തലയാകുന്നു (എഫെസ്യർ 1:22; കൊലൊസ്യർ 1:18).

6. ആദാമിനോടു വർദ്ധിച്ചു പെരുകുവാൻ കല്പന കൊടുത്തിരുന്നു. അതുപോലെ ക്രിസ്തുവിന്റെ സുവിശേഷം സർവ്വ ലോകത്തും ജാതികളിലും എത്തിർക്കാൻ പറഞ്ഞിരുന്നതിന്റെ ഉദ്ദേശവും ദൈവത്തിനു ധാരാളം പുത്രന്മാർ ഉണ്ടാകണം എന്നതാണ് (എബ്രായർ 2:10).

7. ആദാമിന്റെ കുടുംബത്തിൽ ജനിക്കുന്നവർ ദൈവത്തിന്റെ പ്രത്യുൽപ്പാദന നിയമമനുസരിച്ചാണ് വരുന്നത്. ക്രിസ്തുവിന്റെ ഭവനത്തിൽ അംഗങ്ങളാകുന്നതു അവന്റെ കല്പനയനുസരിച്ചു വീണ്ടും ജനിക്കുന്നതിലൂടെയാണ്.

★

# ക്രിസ്തുവിനെ സ്വീകരിക്കുവാൻ

### ഗ്ലെൻ കോളെ

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നോ അല്ലെങ്കിൽ ഇതിനോടു സമമായ ഏതെങ്കിലും ചോദ്യം ചോദിച്ചാൽ മത ലോകത്തിലുള്ളവർ പ്രതികരിക്കുമെന്നു ഉറപ്പാണ്. യേശുക്രിസ്തുവിനെ എൻെറ ഹൃദയത്തിൽ സ്വന്ത രക്ഷിതാവായി സ്വീകരിച്ചാൽ മതി എന്നതായിരിക്കും അവരുടെ ഉത്തരം. അവർക്കു ലഭിച്ചിരിക്കുന്ന പൊതുവായ അറിവാണ് അവർ ഇങ്ങനെ പ്രതിവചിക്കാൻ കാരണം. എന്നാൽ വിശുദ്ധ വേദപുസ്തകത്തിൽ ഈ വിഷയത്തെ എങ്ങനെ പ്രതിപാദിക്കുന്നു എന്നു നോക്കണ്ടേ ? ഓരോരുത്തർക്കും അതിനുള്ള ധാർമ്മികമായ ഉത്തരവാദിത്വമുണ്ട്. ക്രിസ്തുവിനെ സ്വീകരിക്കുക എന്നു പറഞ്ഞാലെന്താണ് ? ക്രിസ്തുവിനെ സ്വീകരിക്കുന്നതിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ട് എന്നതു ബൈബിളിൽ നിന്നു നമുക്കു പരിശോധിച്ചറിയാം.

സ്വന്ത രക്ഷിതാവായി സ്വീകരിക്കുക എന്ന പ്രയോഗം ബൈബിളിൽ ഇല്ല. എന്നാൽ അതിനോടു അടുത്തു നില്ക്കുന്ന ഒരു വേദഭാഗം ഉണ്ട്. അവനെ കൈക്കൊണ്ടു അവൻെറ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു എന്നതാണ് അത് (യോഹന്നാൻ 1:12). യഹൂദന്മാരുടെ അടുക്കലേക്കു വന്ന ദൈവ പുത്രനായ ക്രിസ്തുവിനെ അവർ തിരസ്ക്കരിക്കയാണുണ്ടായതു. ദൈവം അയച്ചവനെ അവർക്കു സ്വീകരിക്കുവാൻ കഴിഞ്ഞില്ല. ദൈവം അവനെ അയച്ചതിൻെറ ഉദ്ദേശം ഈ വാക്യത്തിൽ വ്യക്തമാക്കുന്നു.

ബൈബിളിൽ പറഞ്ഞിട്ടില്ലാത്ത ഭാഷ ഉപയോഗിക്കുന്നതു വചന വിരുദ്ധമെന്നു പറയുന്നതു എപ്പോഴും

ശരിയായിരിക്കയില്ല. പക്ഷേ അതു വിപരീതമായ ഉപദേശമായി മാറാൻ ഇടയുണ്ടോ എന്നു നോക്കണം. യേശുവിനെ കാണുവാൻ അതീവ താല്പര്യം ഉണ്ടായിരുന്ന സക്കായി, അവനെ കണ്ടപ്പോൾ ബദ്ധപ്പെട്ടു ചെന്നു അവനെ കൈക്കൊണ്ടു എന്നു നാം വായിക്കുന്നുണ്ട് (ലൂക്കൊസ് 19:6). സന്തോഷത്തോടെയാണ് അവൻ യേശുവിനെ കൈക്കൊണ്ടത്. അതേ പ്രയോഗം വേറൊരു ഭാഗത്തു കാണുന്നുണ്ട്. യേശു മടങ്ങി വന്നപ്പോൾ പുരുഷാരം അവനെ സന്തോഷത്തോടെ കൈക്കൊണ്ടു. അവർ എല്ലാവരും അവന്നായി കാത്തിരിക്കയായിരുന്നു (ലൂക്കൊസ് 8:40). യേശു ചെയ്ത അത്ഭുതങ്ങളുടെ അനന്തര ഫലം എന്തായിരുന്നു എന്നു ശ്രദ്ധിക്കുക. യേശു ഗലീലയിൽ എത്തിയപ്പോൾ, ഗലീലക്കാർ തങ്ങളും പെരുന്നാളിനു പോയി അവൻ യെരുശലേമിൽ വെച്ചു പെരുനാളിൽ ചെയ്തതു ഒക്കെയും കണ്ടതുകൊണ്ടു അവനെ അംഗീകരിച്ചു (യോഹന്നാൻ 4:45).

ആത്മീയമായി തങ്ങളെ രക്ഷിക്കുന്നവനായിട്ടാണ് കൊലൊസ്സ്യയിലെ സഹോദരന്മാർ യേശുവിനെ കൈക്കൊണ്ടതു. പൌലൊസ് അവരെ പ്രബോധിപ്പിച്ചു പറയുന്നു: ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവനെന്റെ കൂട്ടായ്മയിൽ നടപ്പിൻ (കൊലൊസ്സ്യർ 2:6). ഈ വാക്യത്തിൽ ക്രിസ്തുവിനെ കൈക്കൊള്ളുന്നതെങ്ങനെ എന്നോ, രക്ഷിക്കപ്പെടുന്നതെങ്ങനെ എന്നോ വിവരിക്കുന്നില്ല. എന്നാൽ യോഹന്നാൻ 1:12 അല്പം വിശദമാക്കുന്നുണ്ട് എന്നു പറയാം.

അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവ മക്കൾ ആകുവാൻ അവൻ അവകാശം കൊടുത്തു എന്നാണ് പറഞ്ഞിരിക്കുന്നതു. യെഹൂദന്മാരിൽ ഭൂരിഭാഗവും യേശുവിനെ തള്ളികളഞ്ഞു എന്നു നമുക്കറിയാം. ചുരുക്കം പേർ അവനെ അംഗീകരിച്ചു. ആരാണ് അവനെ കൈക്കൊണ്ടവർ ? അവർ എങ്ങനെയാ

യാണ് കൈക്കൊണ്ടതു എന്നു പരിശോധിക്കുക. അവന്റെ അധികാരത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ടാണ് അവർ അവനെ കൈക്കൊണ്ടത്. വെറും വിശ്വാസത്താൽ പ്രാപിച്ചു. എന്നാൽ തുടർന്നു അവന്റെ കല്പനകൾ അനുസരിക്കുമ്പോഴാണ് അവർ ദൈവ ഭവനത്തിൽ അംഗങ്ങളായി തീരുന്നത്. രക്ഷക്കായി ദൈവം വെച്ചിട്ടുള്ള നിബന്ധനകൾ ആവശ്യമില്ലെന്നു പറയുന്നവർ ദൈവ കല്പനയെ നിഷേധിക്കുന്നവരാണ്. പുതിയ നിയമത്തിൽ കർത്താവ് കല്പിച്ചിട്ടുള്ള വ്യവസ്ഥകൾ എല്ലാവരും പാലിക്കണം. യാതൊന്നും വില കുറച്ചു കാണുകയോ, ആവശ്യമില്ലെന്നു ധരിക്കയോ അരുത്.

മറ്റൊരു രീതിയിൽ ഇതിനെ നോക്കുകയാണെങ്കിൽ, വിശ്വാസത്താൽ കർത്താവിനെ കൈക്കൊള്ളുന്നവർക്കു ലഭിക്കുന്ന നേട്ടം എന്താണ് ? ദൈവ മക്കൾ ആകുവാനുള്ള അവകാശമാണ് കിട്ടുന്നതു. അപ്പോൾ അവർ ദൈവ മക്കളായി തീരുന്നില്ല. മൂല ഭാഷയായ ഗ്രീക്കിൽ അവകാശം എന്ന പദത്തിന് ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ അർത്ഥം തിരഞ്ഞെടുക്കുവാനുള്ള അവകാശം എന്നാണ്. ഒരാളുടെ സ്വന്ത ഇഷ്ടം അനുസരിച്ച് സ്വാതന്ത്രമായി തിരഞ്ഞെടുക്കാവുന്ന ഒന്നാണിത്. എടുക്കുവാനും വിട്ടുകൊടുക്കുവാനും ഉള്ള സ്വാതന്ത്ര്യം ആണ് യേശുവിനെ വിശ്വാസത്തോടെ അംഗീകരിക്കുക എന്നു പറഞ്ഞാൽ. സ്വയമായി അംഗീകരിക്കാനുള്ള സ്വാതന്ത്ര്യം കിട്ടുന്നു എന്നു പറയാം. നാം ഇതിൽ നിന്നു പഠിക്കുന്നതു താഴെ പറയുന്ന കാര്യങ്ങളാണ്.

1. കേവലം യേശുവിൽ വിശ്വസിക്കുന്നതുകൊണ്ടു മാത്രം ഒരാൾ ദൈവ മകനോ മക്കളോ ആയി തീരുന്നില്ല. അവനെ കൈക്കൊള്ളുന്നവർക്കു ദൈവ മക്കൾ ആകുവാനുള്ള അവസരം കിട്ടുന്നു.

2. യേശുവിനെ കൈക്കൊള്ളുന്നവർക്കു പ്രവർത്തിക്കുവാനുള്ള ഒരു സ്വാതന്ത്ര്യം ലഭിക്കുന്നു. അവർക്കു അനു

സരണത്തിലേക്കു പ്രവേശിക്കാം. വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16).

3. ആയി തീർന്നതിനെ ഒരാൾക്ക് വീണ്ടും ആയി തീരാം എന്നു പറയുന്നതു വിരോധാഭാസമാണ്. യേശുവിനെ കൈക്കൊണ്ടാൽ അവർക്കു ദൈവ മക്കൾ ആകാം അതിനുള്ള അവസരമാണ് കർത്താവ് കൊടുക്കുന്നതു. അവർ വിശ്വസിക്കുന്ന മാത്രയിൽ ദൈവ മക്കൾ ആകുന്നില്ല എന്നതു വ്യക്തം. ആത്മാവില്ലാത്ത ശരീരം നിർജീവമായിരിക്കുന്നതുപോലെ പ്രവർത്തിയില്ലാത്ത വിശ്വാസം വ്യർത്ഥമാകുന്നു (യാക്കോബ് 2:26).

ഇന്നു ഒരാൾ ക്രിസ്തുവിനെ സ്വീകരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾ അവന്റെ വചനം കൈക്കൊള്ളണം. യേശു പറഞ്ഞതു: എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളി കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്, ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹന്നാൻ 12:48) എന്നത്രേ. നിങ്ങൾ കൈക്കൊണ്ടതിനു വിപരീതമായി മറ്റൊരു സുവിശേഷം അറിയിക്കുന്നവൻ ശപിക്കപ്പെട്ടവൻ (ഗലാത്യർ 1:9). ജാതികളുമായി ദൈവ വചനം കൈക്കൊണ്ടു എന്നു അപ്പൊസ്തലന്മാരും സഹോദരന്മാരും കേട്ടു (പ്രവൃത്തി 11:1). അപ്പൊസ്തലന്മാരുടെ വചനം സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനമേററു എന്നു വായിക്കുന്നു. ആദ്യത്തെ സുവിശേഷ പ്രസംഗം കേട്ടവർ പാപമോചനത്തിനുവേണ്ടിയുള്ള സ്നാനം ഏററു അപ്പൊസ്തലന്മാരോടു ചേർന്നു (പ്രവൃത്തി 2:38-41).

നിങ്ങൾ വചനം കൈക്കൊണ്ടിട്ടില്ലെങ്കിൽ ഇന്നു തന്നെ വചനപ്രകാരം ക്രിസ്തുവിനെ കൈക്കൊള്ളുക; അവന്റെ കല്പനയനുസരിച്ചു രക്ഷ പ്രാപിക്കയും നിത്യജീവനു അവകാശിയായി തീരുകയും ചെയ്യുക.

★

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

:NGLISH - The Voice of Truth - Speakers: **Reggi Gnanasundaram** and **J.C. Choate** Fridays: 7.45 to 8.00 p.m.
All Correspondence should be sent to The Voice of Truth
Post Box. 3815 New Delhi-110 049

IINDI - Sathya Susamachar. Speaker - **Sunny David**
All Correspondence should be sent to
Sathya Susamachar,
Post Box. 3815 New Delhi- 110 049
Sundays: 8.45 to 9.00 p.m
Thursdays: 9.00 to 9.15 p.m.

ANNADA - The Voice of Truth. Speaker - **Robert Rathnakar**
Box. 448, Bangalore - 560 004
Sundays: 1.45 to 2.00 pm.

IALAYALAM - The Voice of Truth. Speaker - **P.K. Varghese**
All Correspondence should be sent to Church of Christ,
Post Box. 5540
Trivandrum 695 034, Kerala, India

AMIL - The Way of Truth. Speaker- **P.R.Swamy**
All Correspondence should be sent to The way of Truth,
Post Box 8405
Bangalore - 560 084

:LUGU - The Voice of Truth. Speaker- **Joshua Gootam**
All Correspondence should be sent to
The Voice of Truth, Post Box. 80, Kakinada 533 001
Sundays: 2.00 to 2.15 p.m.
Mondays: 2.00 to 2.15 p.m.
Tuesdays: 2.00 to 2.15 p.m.
Wednesdays: 2.00 to 2.15 p.m

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian literatures are available in these ferent languages from the addresses listed. Also Radio sermons are available in ok form.

---

Edited, Printed and Published by P.K. Varghese Church of Christ Trivandrum. nted at Joshah Printers, Trivandrum.

Reg:No.K.Dis 90095/86/ A8, Regd. No.KL/TV (N)22

JOIN US FOR WORSHIP
THE CHURCH OF CHRIST MEETS

To Worship

at Y M C A
SUNDAY at 10 A.M

For Bible Study

T.C.27/218, Thampuranmukku
Trivandrum-7
ALL ARE WELCOME

All correspondence should be sent to the Editor
Bible Truth, Church of Christ, Trivandrum - 34, Kerala, South India

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To